# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/15/2017 പത്രക്കുറിപ്പ് 2017 ജനുവരി 20

**അപേക്ഷാതീയതി**

തേർഡ് പ്രൊഫഷണൽ എം.ബി.ബി.എസ് ഒന്നാം ഭാഗം സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 1 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും. അപേക്ഷകർ 150 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം.

അവസാന വർഷ ബി.ഡി.എസ് ഒന്നാം ഭാഗം (2008 മുതലുള്ള അഡ്മിഷൻ-പുതിയ സ്കീം & 2008 ന് മുൻപുള്ള അഡ്മിഷൻ - പഴയ സ്കീം) ഡിഗ്രി സപ്ലിമെന്ററി പരീക്ഷകൾ ഫെബ്രുവരി 8 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും. അപേക്ഷകർ 150 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം.

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം (പുതിയ സ്കീം-2016 അഡ്മിഷൻ റഗുലർ & 2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 31 ന് ആരംഭിക്കും.

**പ്രാക്ടിക്കൽ പരീക്ഷ**

2016 നവംബർ/ഡിസംബർ മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. അപ്പാരൽ ആൻഡ് ഫാഷൻ ഡിസൈൻ/ബി.എഫ്.റ്റി സി.ബി.സി.എസ്.എസ്-റഗുലർ (2016 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 23 മുതൽ അതത് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

2016 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 24 മുതൽ അതത് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്ടർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇൻഫർമേഷൻ ടെക്നോളജി (പി.ജി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 2 വരെ സ്വീകരിക്കും.

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അന്തർദേശീയ കോൺഫറൻസ്**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇന്റർ നാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി, 2017 ഫെബ്രുവരി 10 മുതൽ 12 വരെ ''ഇന്റർനാഷണൽ കോൺഫറൻസ് ഓൺ നാനോ സ്ട്രക്ച്ചേർഡ് മെറ്റീരിയൽസ് ആൻഡ് നാനോ കോമ്പസിറ്റ് (INM 2017)'' എന്നപേരിൽ ത്രിദിന അന്തർദേശിയ കോൺഫറൻസ് സംഘടിപ്പിക്കുന്നു നാനോ ടെക്നോളജി മേഖലയിലെ ശാസ്ത്രജ്ഞർക്കും, ഗവേഷകർക്കും, ഇൻഡസ്ട്രിയൽ പാർട്ട്നേഴ്സിനും പങ്കെടുക്കാം. പ്രൊഫ : എൻ.ആർ.ഷിജു(നെതർലാൻഡ്), പ്രൊഫ : ഗ്രാറ്റിനോ ഗ്രനോസി (ഇറ്റലി), പ്രൊഫ : അജി.പി.മാത്യൂ (സ്റ്റോക്ഹോം). പ്രൊഫ : ജി. എസ്. ഗ്രാഡർ (ഇസ്രായേൽ), പ്രൊഫ : കുരുവിള ജോസഫ് (ഇൻഡ്യ), പ്രൊഫ : മാർക്ക് ഡെൽഗാഡോ (സ്പെയിൻ), എന്നിവർ ഉൾപ്പെടെ 200 ൽ അധികം ശാസ്ത്രജ്ഞൻമാർ പങ്കെടുക്കും. എം.ജി യൂണിവേഴ്സിറ്റി വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്രൊഫ : സാബുതോമസ്, ഡോ : നന്ദകുമാർ കളരിക്കൽ, എന്നിവർ നേതൃത്വം നൽകും. വിശദ വിവരങ്ങൾക്ക് ഇ മെയിൽ nanomaterials@macromol.in ഫോൺ : 9747099541

**ലൈബ്രറി ഉപദേശക സമിതിയിലേക്ക് തെരഞ്ഞെടുപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറി ജീവനക്കാരിൽ നിന്നും ലൈബ്രറി ഉപദേശക സമിതിയിലേക്ക് ഒരു പ്രതിനിധിക്കായുള്ള തെരഞ്ഞെടുപ്പ് ഫെബ്രുവരി 2 ന് നടത്തുവാൻ വിജ്ഞാപനം ചെയ്തു. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ.ആർ നാരായണൻ അനുസ്മരണ പ്രഭാഷണം.**

രാജ്യങ്ങളുടെ സമ്പദ്വ്യവസ്ഥ ചുരുക്കിയാൽ ജനാധിപത്യം തകരുമെന്ന് എം.ജി.യൂണിവേഴ്സിറ്റിയിൽ മനുഷ്യാവകാശ സംരക്ഷണത്തിനും, സാമൂഹ്യനീതിക്കുമായും സ്ഥാപിതമായ കെ.ആർ നാരായണൻ ചെയറിൽ ''ആഗോളീകരിക്കപ്പെടുന്ന സമ്പദ്വ്യവസ്ഥയും വർഗ്ഗീയവൽക്കരിക്കപ്പെടുന്ന സമൂഹവും '' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തിയ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫ : ഡി. ഹരഗോപാൽ അഭിപ്രായപ്പെട്ടു.

പ്രസ്തുത ചടങ്ങിൽ സിൻഡിക്കേറ്റംഗം ഡോ : ആർ പ്രഗാഷ് ആശംസ നേർന്നു. ഡോ : സി.റ്റി അരവിന്ദകുമാർ, കെ.ആർ നാരായണൻ ചെയറിന്റെ കോ-ഓർഡിനേറ്റർ ഡോ : രാജേഷ് കോമത്ത് എന്നിവർ സംസാരിച്ചു.

അടിക്കുറിപ്പ്

കെ.ആർ നാരായണൻ അനുസ്മരണ പ്രഭാഷണത്തിൽ വൈസ്ചാൻസിലർ ഡോ ; ബാബു സെബാസ്റ്റ്യൻ സംസാരിക്കുന്നു. വേദിയിൽ ഡോ : രാജേഷ് കോമത്ത്, പ്രൊഫ : ഹരഗോപാൽ, ഡോ : ആർ പ്രഗാഷ് എന്നിവർ വേദിയിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**